# പതിനാലാം കേരള നിയമസഭ
## പതിനഞ്ചാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 5122** **27.06.2019-ൽ മറുപടിക്ക്**

**സുകൃതം പദ്ധതി**

| ചോദ്യം<br>ശ്രീ.വി. അബ്ദുറഹിമാൻ | | മറുപടി<br>കെ.കെ. ശൈലജ ടീച്ചർ<br>(ബഹു. ആരോഗ്യവും സാമൂഹ്യ നീതിയും വനിതാ ശിശു വികസനവും വകുപ്പ് മന്ത്രി) | |
|---|---|---|---|
| (എ) | ക്യാൻസർ ചികിത്സയ്ക്കുള്ള സുകൃതം പദ്ധതിയുടെ വിശദവിവരങ്ങൾ അറിയിക്കുമോ; | (എ) | ദാരിദ്ര്യ രേഖയ്ക്കുതാഴെയുള്ള ക്യാൻസർ രോഗികൾക്ക് തിരഞ്ഞെടുത്ത ആശുപത്രികളിൽ സൗജന്യ സേവനം ഉറപ്പുവരുത്തുന്ന പദ്ധതിയാണ് സുകൃതം. 2014-ൽ ആരംഭിച്ച ഈ പദ്ധതി തിരുവനന്തപുരം റീജിയണൽ ക്യാൻസർ സെന്റർ, മലബാർ ക്യാൻസർ സെന്റർ - തലശ്ശേരി, തിരുവനന്തപുരം, ആലപ്പുഴ, കോട്ടയം, തൃശ്ശൂർ, കോഴിക്കോട് എന്നീ 5 സർക്കാർ മെഡിക്കൽ കോളേജുകൾ, എറണാകുളം ജനറൽ ആശുപത്രി എന്നീ സ്ഥാപനങ്ങൾ മുഖാന്തിരമാണ് നടപ്പിലാക്കിയിട്ടുള്ളത്.<br>ക്യാൻസർ രോഗികൾക്ക് 3 ലക്ഷം രൂപ വരെയുള്ള മരുന്ന്, ചികിത്സാ ചിലവ് എന്നിവയാണ് പദ്ധതിയിലൂടെ നൽകുന്നത്. ഈ പദ്ധതിയുടെ പ്രാരംഭ പ്രവർത്തനത്തിനായി തിരുവനന്തപുരം റീജിയണൽ ക്യാൻസർ സെന്ററിന് 12 കോടി രൂപയും, മലബാർ ക്യാൻസർ സെന്ററിന് 5 കോടി രൂപയും, മെഡിക്കൽ കോളേജുകൾക്കും, എറണാകുളം ജനറൽ ആശുപത്രിയ്ക്കും 2 കോടി രൂപ വീതവും കോർപ്പസ് ഫണ്ട് അനുവദിച്ചിരുന്നു.<br><br>പദ്ധതിയുടെ സുഗമമായ നടത്തിപ്പിനായി TVM/TC/1423/14 എന്ന നമ്പറിൽ കേരള ക്യാൻസർ കെയർ സൊസൈറ്റി രജിസ്റ്റർ ചെയ്യുകയും, സൊസൈറ്റിയുടെ പേരിൽ ഒരു ബാങ്ക് അക്കൗണ്ട് ആരംഭിക്കുകയും ചെയ്തിട്ടുണ്ട്. പദ്ധതിയുടെ ധന സമാഹരണത്തിന് മറ്റു ധന സ്രോതസ്സുകളിൽ നിന്നും പണം സ്വീകരിക്കുന്നതിനാണ് ഈ അക്കൗണ്ട് ആരംഭിച്ചിട്ടുള്ളത്. പദ്ധതിയുടെ പ്രയോജനം ജനങ്ങൾക്ക് വേഗത്തിൽ ലഭിക്കുന്നതിന് |

| | | | |
|---|---|---|---|
| | | | ആശുപത്രികളിൽ സുകൃതം കൗണ്ടർ ആരംഭിക്കുന്നതിനും കോർഡിനേറ്ററെ നിയമിക്കുന്നതിനും നടപടി സ്വീകരിച്ചിരുന്നു. |
| (ബി) | സുകൃതം പദ്ധതി മുഖേന ചികിത്സ ലഭിക്കേണ്ടതിന്റെ നടപടിക്രമങ്ങൾ വ്യക്തമാക്കാമോ; | (ബി) | സുകൃതം പദ്ധതിയിൽ നിന്നും സഹായം ലഭിക്കുന്നതിന് രോഗി ക്യാൻസർ സ്ഥിരീകരിച്ച ആളായിരിക്കണം. ബി.പി.എൽ. കാർഡോ, ആർ.എസ്.ബി.വൈ. കാർഡോ ആവശ്യമെങ്കിൽ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ സാക്ഷ്യപത്രമോ ഉള്ളവർക്ക് മാത്രമേ ഇതിന്റെ ആനുകൂല്യം ലഭിക്കുകയുള്ളൂ.<br><br>3 ലക്ഷം രൂപ വരെയുള്ള ധന സഹായമാണ് ഈ പദ്ധതിയിലൂടെ നൽകിവരുന്നത്. ഇതിന് മുകളിൽ ആവശ്യമായി വരുന്ന തുകയ്ക്ക് കേരള ക്യാൻസർ കെയർ സൊസൈറ്റിയുടെ അനുമതി ആവശ്യമാണ്. മരുന്നും, ചികിത്സാ ചെലവും മറ്റ് അനുബന്ധ ഉപകരണങ്ങളും വാങ്ങുന്നതിന് ഈ തുക ഉപയോഗിക്കാവുന്നതാണ്. ആശുപത്രിയിൽ എത്തുന്ന രോഗി സുകൃതം കൗണ്ടറിലെ കോർഡിനേറ്ററുമായി ബന്ധപ്പെട്ട് ആവശ്യരേഖകൾ സാക്ഷ്യപ്പെടുത്തി പദ്ധതിയിൽ ഗുണഭോക്താവായി രജിസ്റ്റർ ചെയ്യണം. |
| (സി) | സുകൃതം പദ്ധതിയിലൂടെ ചികിത്സ ലഭിക്കുന്ന ആശുപത്രികളുടെ വിവരം നൽകാമോ? | (സി) | തിരുവനന്തപുരം റീജിയണൽ ക്യാൻസർ സെന്റർ, തലശ്ശേരി മലബാർ ക്യാൻസർ സെന്റർ, തിരുവനന്തപുരം, ആലപ്പുഴ, കോട്ടയം, തൃശ്ശൂർ, കോഴിക്കോട് എന്നീ അഞ്ച് സർക്കാർ മെഡിക്കൽ കോളേജുകൾ, എറണാകുളം ജനറൽ ആശുപത്രി എന്നിവയാണ് സുകൃതം പദ്ധതിയിൽ ഉൾപ്പെട്ടിട്ടുള്ള ആശുപത്രികൾ. |

**സെക്ഷൻ ഓഫീസർ**